പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1946.**

13.06.2019 ൽ
മറുപടിക്ക്

## പിങ്ക് പോലീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| **(എ)** സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | **(എ)** വിലയിരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുവാനും ഇടപെടുന്നതിനുമുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിൽ പിങ്ക് പോലീസ് സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. |
| **(ബി)** കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലേക്കെന്ന് വ്യക്തമാക്കാമോ; | **(ബി)** എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം പ്രോജക്റ്റ് നടപ്പിലാക്കി വരുന്നതിനാൽ നിലവിൽ പിങ്ക് പോലീസ് പ്രോജക്ട് പ്രവർത്തിക്കുന്ന ജില്ലകൾക്ക് ഉപരി മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| **(സി)** പോക്സോ കേസുകളിൽ പിങ്ക് പോലീസിന്റെ ഇടപെടൽ ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ; കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര പോക്സോ കേസുകളിൽ പിങ്ക് പോലീസ് നിയമ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | **(സി)** പോക്സോ കേസുകളിൽ പിങ്ക് പോലീസിന്റെ ഇടപെടൽ ഉണ്ടാകുന്നുണ്ട്. പോക്സോ കേസുകളിലെ ഇരകൾക്ക് ആവശ്യമായ സഹായം പിങ്ക് പോലീസ് നൽകുന്നുണ്ട്. പോക്സോ കേസുകളിൽ അന്വേഷണം നടത്തുന്നത് കേസ് റിപ്പോർട്ടാകുന്ന പോലീസ് സ്റ്റേഷനുകളിലാണ്. |

**സെക്ഷൻ ഓഫീസർ**